ഇടുക്കി രൂപതാ മുഖപത്രം
# ഇടയൻ
THE SHEPHERD

Media Commission
Diocese Of Idukki

Eparchy Of Idukki

വാല്യം : 2 ലക്കം : 1 സെപ്റ്റംബർ 2022

# വിശ്വാസ സാഗരമായി രാജകുമാരി




ആയിരക്കണക്കിന് വിശ്വാസികളുടെ പ്രാർത്ഥനാമന്ത്രങ്ങളാൽ രാജകുമാരി ഭക്തി സാന്ദ്രമായി. രൂപതയുടെ രണ്ടാമത് മരിയൻ തീർത്ഥാടനം രാജാക്കാട് ഫൊറോന പള്ളിയിൽ നിന്നും രാവിലെ 10 മണിക്ക് ആരംഭിച്ചു. ഇടുക്കി രൂപതാദ്ധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേലിന്റെ നേതൃത്വത്തിൽ രൂപതയിലെ മുഴുവൻ വൈദികരും സമർപ്പിതരും ആയിരക്കണക്കിന് വിശ്വാസികളും പങ്കെടുത്തു. തീർത്ഥാടനം രാജകുമാരിയിൽ എത്തിയപ്പോൾ മാർ ജോൺ നെല്ലിക്കുന്നേലിന്റെ മുഖ്യ കാർമ്മികത്വത്തിൽ വി.കുർബാന അർപ്പിക്കപ്പെട്ടു. രൂപതയിലെ മുഴുവൻ വൈദികരും സഹകാർമ്മികരായി. ഇരുപതിനായിരത്തോളം പേർ പങ്കെടുത്ത തീർത്ഥാടനം സംഘാടക മികവുകൊണ്ട് ശ്രദ്ധേയമായി. മുഴുവൻ തീർത്ഥാടകർക്കും ഭക്ഷണം ക്രമീകരിച്ചു. രാജാക്കാട്, എൻ.ആർ. സിറ്റി, രാജകുമാരി ടൗണുകളിൽ വിവിധ മത നേതാക്കളുടെയും വ്യാപാരികളുടെയും തൊഴിലാളികളുടെയും നേതൃത്വത്തിൽ തീർത്ഥാടനത്തിന് സ്വീകരണമൊരുക്കി. തീർത്ഥാടനം രൂപതയുടെ ആത്മീയ വളർച്ചക്കും കൂട്ടായ്മക്കും സമൂഹത്തിന്റെ നന്മക്കും കാരണമായെന്ന് മാർ ജോൺ നെല്ലിക്കുന്നേൽ പറഞ്ഞു.



*മരിയൻ തീർത്ഥാടനത്തോടനുബന്ധിച്ച് തയ്യാറാക്കിയ ഫ്ലോട്ടുകൾ*




കെ. സി. വൈ. എം. സംസ്ഥാന കലോത്സവം
'ഉത്സവ്' വെള്ളയാംകുടിയിൽ
2022 ഒക്ടോബർ 4, 5



# മതബോധകർ ആയിരിക്കുന്നതിൽ ഒരിക്കലും മടുപ്പ് തോന്നരുത്: -ഫ്രാൻസിസ് പാപ്പാ

മതബോധനം സുവിശേഷവത്ക്കരണത്തിന്റെ ശക്തമായ ഘട്ടമാണെന്നും മതബോധകരായിരിക്കുന്നതിൽ ഒരിക്കലും മടുപ്പ് തോന്നരുതെന്നും ഫ്രാൻസിസ് പാപ്പ. മതബോധകരുടെ മൂന്നാം രാജ്യാന്തര സമ്മേളനത്തിൽ പങ്കെടുത്ത ആയിരത്തിനാനൂറോളം ആളുകളെ, പോൾ ആറാമൻ ശാലയിൽവെച്ച് അഭിസംബോധന ചെയ്തു സംസാരിക്കുകയായിരിന്നു അദ്ദേഹം. സുവിശേഷവത്ക്കരണത്തിന്റെ പ്രധാനഘട്ടമായ മതബോധനത്തിന്റെ ലക്ഷ്യം ക്രിസ്തുവുമായുള്ള കൂടിക്കാഴ്ചയിലെത്തുകയും അവിടുന്ന് നമ്മിൽ വളരുന്നതിന് അനുവദിക്കുകയുമാണെന്നും അത് മറന്നുപോകരുതെന്നും പാപ്പ പറഞ്ഞു.

വിശ്വാസം കൈമാറുന്നതിൽ മതബോധകർ വഹിക്കുന്ന പങ്ക് പാപ്പ പ്രത്യേകം അനുസ്മരിച്ചു. വിശ്വാസ യാത്ര നടത്താൻ ആഗ്രഹിക്കുന്ന കുട്ടികളും യുവതീയുവാക്കളും പ്രായപൂർത്തിയായവരുമായ അനേകരുടെ കാര്യത്തിൽ സഭയ്ക്കുള്ള ഉത്തരവാദിത്വത്തിൻറെ അടയാളമാണ് മതബോധകരെന്ന് പാപ്പ പറഞ്ഞു. മതബോധകരായിരിക്കുന്നതിൽ ഒരിക്കലും മടുക്കരുത്. മതബോധനമെന്നത് വിദ്യാലയത്തിലെ പഠന സമയം പോലെയാക്കാനാകില്ല. അത് പുതിയ തലമുറകൾക്ക് കൈമാറണമെന്ന തോന്നൽ നമ്മിൽ ഓരോരുത്തരിലും ഉളവാക്കുന്ന വിശ്വാസാനുഭവമാണ്.നമ്മെ ശ്രവിക്കുന്നവരുടെ പ്രായത്തിനും അവരുടെ ചിന്തകൾക്കും പര്യാപ്തമായ മെച്ചപ്പെട്ട ഒരു രീതി വിശ്വാസ സംവേദനത്തിന് നാം കണ്ടെത്തേണ്ടതുണ്ടെന്നും പാപ്പ ചൂണ്ടിക്കാട്ടി. യേശുക്രിസ്തുവിന്റെ അസ്ഥിത്വത്തെ ദൃശ്യവും മൂർത്തവുമാക്കിത്തീർക്കാൻ വിളിക്കപ്പെട്ടവരാണ് മതബോധനത്തിലേർപ്പെട്ടിരിക്കുന്ന എല്ലാവരും എന്നും പാപ്പ ഓർമ്മിപ്പിച്ചു. മതബോധകരുടെ മൂന്നാം അന്താരാഷ്ട്ര കോൺഗ്രസ്സിൽ എല്ലാ ഭൂഖണ്ഡങ്ങളിൽ നിന്നുമായി മതബോധകരും, വൈദികരും മെത്രാന്മാരുമുൾപ്പടെ 1400-ലേറെപ്പേർ പങ്കെടുത്തു. മതബോധകൻ, ക്രിസ്തുവിലുള്ള നവജീവൻറെ സാക്ഷി'' എന്നതായിരുന്നു ഈ ത്രിദിന സമ്മേളനത്തിൻറെ വിചിന്തന പ്രമേയം.

> യേശുക്രിസ്തുവിന്റെ അസ്ഥിത്വത്തെ ദൃശ്യവും മൂർത്തവുമാക്കിത്തീർക്കാൻ വിളിക്കപ്പെട്ടവരാണ് മതബോധനത്തിലേർപ്പെട്ടിരിക്കുന്ന എല്ലാവരും

## വിഴിഞ്ഞം തീരദേശ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഇടുക്കി രൂപതാ കത്തോലിക്കാ കോൺഗ്രസ്




അതിജീവന പോരാട്ടം തുടരുന്ന വിഴിഞ്ഞം തീരദേശ ജനതയ്ക്ക് മലയോര കർഷകരുടെ പിന്തുണയും ഐക്യദാർഢ്യവും പ്രഖ്യാപിച്ചുകൊണ്ട് കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതാ സമിതിയുടെ നേതൃത്വത്തിൽ വിഴിഞ്ഞം തുറമുഖ സമരഭൂമി സന്ദർശിച്ചു. 60 അംഗ സംഘമാണ് സമരഭൂമി സന്ദർശിച്ചത്.ബഫർ സോൺ, ഇഎസ്എ പ്രഖ്യാപനങ്ങളോടെ കർശന വന നിയമങ്ങൾക്ക് വിധേയരായി ജീവിക്കാൻ വിധിക്കപ്പെട്ട മലയോര ജനതയും തീരദേശ ജനതയും കൈകോർത്തത് ഒരു ചരിത്രസംഭവമായി തീർന്നു. തൊഴിലും തീരവും വീടും പട്ടയഭൂമിയും നഷ്ടപ്പെട്ടു പെരുവഴിയിലായ 28 മത്സ്യ ഗ്രാമങ്ങളിലെ ആയിരക്കണക്കിന് കടലിന്റെ മക്കളാണ് നിർദ്ദിഷ്ഠ അദാനി തുറമുഖത്ത് രാപകൽ സമരം നടത്തുന്നത്. കോവളം ബീച്ചും ശംഖുമുഖം കടപ്പുറവും ഉൾപ്പെടെ കടലെടുത്തു പോയ പ്രദേശങ്ങൾ സംഘം സന്ദർശിച്ചു. സമര സമിതി ജനറൽ കൺവീനർ മോൺസിഞ്ഞോർ യൂജിൻ എച്ച് പെരേര കൺവീനർമാരായ ഫാ. മൈക്കിൾ, ഫാ. തിയോഡിഷൻ എന്നിവരുടെ നേതൃത്വത്തിൽ കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതാ സംഘത്തെ സമരഭൂമിയിൽ സ്വീകരിച്ചു. രൂപതാ പ്രസിഡണ്ട് ജോർജ്ജ് കോയിക്കൽ, സിജോ ഇലന്തൂർ, ഫാ ജോസ് കുന്നുംപുറം എന്നിവർ സമരസേനാനികളെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

## ഒൻപതാം ചരമദിനം

19.09.2022



**മാത്യു ചാക്കോ ഓടയ്ക്കൽ**
**ഭൂമിയാംകുളം**

## മദർതെരേസയോടൊപ്പം യൂത്ത് വാക്ക്

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ യൂത്ത് കൗൺസിലിന്റെ നേതൃത്വത്തിൽ മദർ തെരേസയുടെ ജന്മദിനമായ ആഗസ്റ്റ് 26 മുതൽ മരണദിനമായ സെപ്റ്റംബർ അഞ്ചുവരെ ദശദിന കാരുണ്യോത്സവം മദർ തെരേസയോടൊപ്പം യൂത്ത് വോക്ക് നടത്തപ്പെട്ടു. കേരളത്തിൽ 150 കേന്ദ്രങ്ങളിൽ യൂത്ത് വാക്ക് കടന്നുചെന്നു. യൂത്ത് വാക്കിന്റെ ഇടുക്കി രൂപതാതല ഉദ്ഘാടനം ഭൂമിയാംകുളം മദർ തെരേസ ഹോമിൽ ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ നിർവഹിച്ചു. ഗ്ലോബൽ യൂത്ത കോ ഓർഡിനേറ്റർ സിജോ ഇലന്തൂർ അദ്ധ്യക്ഷത വഹിച്ചു.കത്തോലിക്ക കോൺഗ്രസ് ഇടുക്കി രൂപത ഡയറക്ടർ ഫാദർ ഫ്രാൻസിസ് ഇടവകണ്ടം ആമുഖ പ്രസംഗവും, രൂപത പ്രസിഡന്റ് ജോർജ് കോയിക്കൽ മുഖ്യപ്രഭാക്ഷണവും നടത്തി. ആഗ്നസ് ബേബി , ഷാജി കുന്നുംപുറത്ത്, ബേബി, മാത്യു മലേക്കു ന്നേൽ എന്നിവർ ആശംസകൾ അറിയിച്ച് സംസാരിച്ചു. വിവിധ ദിവസങ്ങളിലായി യൂത്ത് കൗൺസിൽ അംഗങ്ങൾ പന്ത്രണ്ടോളം അഗതിമന്ദിരങ്ങൾ സന്ദർശിക്കുകയും സഹായങ്ങൾ നല്കുകയും പ്രസ്തുത സ്ഥാപനങ്ങളിൽ ശുശ്രൂഷ ചെയ്യുന്നവരെ ആദരിക്കുകയും ചെയ്തു. യൂത്ത് കൗൺസിൽ കോഡിനേറ്റർമാരായ ആദർശ് മാത്യു, സാബു കുന്നുംപുറത്ത്, റ്റിറ്റോ കൂനംമാക്കൽ, സെസ്സിൽ ജോസ് , ജയിസൻ ജോസ്, ജിനു വട്ടപ്പാറ, അരുൺ തോമസ്, അലക്സ് തോമസ്, ജിതിൻ ജോയി, ഷൈൻ കാട്ടാം കോട്ടിൽ, ബിജോ തോമസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

# എഡിറ്റോറിയൽ

## ലഹരിക്കെതിരെ കൈ കോർക്കാം

സംസ്ഥാനത്ത് മയക്കുമരുന്നിന്റെ തീവ്രവ്യാപനമുണ്ടെന്ന് ഇപ്പോഴെങ്കിലും തിരിച്ചറിഞ്ഞ് ലഹരിവിരുദ്ധ പോരാട്ടത്തിനു സർക്കാർ തയാറായത് പ്രതീക്ഷാനിർഭരമാണ്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും കുത്തൊഴുക്കിൽ നമ്മുടെ യുവതലമുറയടക്കം നാശത്തിന്റെ വക്കിലാണ്. എന്നാൽ വരുമാനം മാത്രം ലക്ഷ്യമിട്ട് സംസ്ഥാനത്തുടനീളം മദ്യമൊഴുക്കി ലഹരിവ്യാപാരത്തിനു പച്ചക്കൊടി കാട്ടിയ സർക്കാർ അതൊന്നും ഗൗനിച്ചില്ലെന്നു മാത്രമല്ല, ലഹരിവിരുദ്ധ പ്രവർത്തകരുടെ മുന്നറിയിപ്പുകൾ തീർത്തും അവഗണിക്കുകയും ചെയ്തു. മദ്യത്തിനുമപ്പുറം കഞ്ചാവും ഹാഷിഷും സിന്തറ്റിക് മയക്കുമരുന്നുകളും സ്കൂൾകുട്ടികളിലടക്കം പിടിമുറുക്കുന്നുവെന്ന യാഥാർഥ്യമാണ് സർക്കാരിനു തന്നെ സമ്മതിക്കേണ്ടിവന്നിരിക്കുന്നത്.

സംസ്ഥാനത്തു ലഹരി ഉപയോഗം കടുത്ത തോതിൽ വ്യാപകമാകുന്നുവെന്നാണ് മുഖ്യമന്ത്രി ബുധനാഴ്ച നിയമസഭയിൽ പറഞ്ഞത്. ലഹരിയുമായി ബന്ധപ്പെട്ടു കഴിഞ്ഞവർഷം 5,334 കേസുകളും 2020ൽ 4,650 കേസുകളും മാത്രമാണു രജിസ്റ്റർ ചെയ്തിട്ടുള്ളതെങ്കിൽ ഈ വർഷം ഇതുവരെ 16,128 കേസുകൾ രജിസ്റ്റർ ചെയ്തതായി മുഖ്യമന്ത്രി പറഞ്ഞു. 2020ൽ 5,674 പേരെയും 2021 ൽ 6,704 പേരെയും അറസ്റ്റ് ചെയ്തിരുന്നു. ഈ വർഷം ഇതുവരെ 17,834 പേരെയാണ് അറസ്റ്റ് ചെയ്തത്. ഓഗസ്റ്റ് 29 വരെ 1,340 കിലോഗ്രാം കഞ്ചാവും 6.7 കിലോഗ്രാം എം.ഡി.എം.എ. യും 23.4 കിലോഗ്രാം ഹാഷിഷ് ഓയിലും പിടിച്ചെടുത്തു. നേരത്തെ കഞ്ചാവുപോലുള്ള ലഹരിവസ്തുക്കളാണ് വ്യാപകമായി ഉപയോഗിക്കപ്പെട്ടിരുന്നതെങ്കിൽ ഇനി സിന്തറ്റിക് രാസലഹരി വസ്തുക്കളുടെ വ്യാപനവും നിലവിലെ വലിയ ഭീഷണിയെന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉൾപ്പെടെ ഇത്തരം ലഹരിമരുന്നുകൾ എത്തിച്ചേരുന്നുവെന്നും മുഖ്യമന്ത്രി പറഞ്ഞു. ഒന്നരവർഷത്തിനകം ലഹരിവിമോചന കേന്ദ്രങ്ങളിൽ 21 വയസ് തികയാത്ത 3,933 പേർ പ്രവേശിപ്പിക്കപ്പെട്ടിട്ടുണ്ടെന്നും ഇതിൽ 40 ശതമാനം പേർ 18 തികയാത്തവരാണെന്നും ഈ വിഷയം അടിയന്തര പ്രമേയമായി നിയമസഭയിൽ അവതരിപ്പിച്ച പി.സി. വിഷ്ണുനാഥ് എംഎൽഎ പറയുകയുണ്ടായി. കേരളം എത്തിനിൽക്കുന്ന ഭയാനകമായ അവസ്ഥയിലേക്കാണ് ഈ കണക്കുകൾ വിരൽ ചൂണ്ടുന്നത്.

കേരളമെന്ന കൊച്ചുസംസ്ഥാനം മയക്കുമരുന്നു വ്യാപാരികളുടെ വിഹാരരംഗമായത് വളരെപ്പെട്ടന്നാണ്. മദ്യവിൽപ്പനയിലൂടെ സർക്കാർ പ്രോത്സാഹിപ്പിച്ച ഈ കമ്പോളത്തിൽ ഇപ്പോൾ മയക്കുമരുന്നു ലോബിയാണ് പിടിമുറുക്കിയിരിക്കുന്നത്. പാൻമസാലകൾക്കു പോലും നിരോധനമുള്ള സംസ്ഥാനത്തേക്കാണ് വിമാനത്തിലൂടെയും ട്രെയിൻ മാർഗവും ചരക്കുവാഹനങ്ങളിലൂടെയും കൊറിയർ സർവീസുകളുപയോഗിച്ചും വൻതോതിൽ മയക്കുമരുന്നെത്തുന്നത്. ആൺ പെൺ വ്യത്യാസമില്ലാതെ സ്കൂൾ കുട്ടികളെ മുതൽ പ്രഫഷണലുകളെ വരെ മയക്കുമരുന്നു ലോബി വലയം ചെയ്തിരിക്കുന്നു. വിൽപ്പനക്കാരായും എത്തിച്ചുനൽകുന്നവരായും പെൺകുട്ടികളെ വരെ കണ്ണികളാക്കിയിരിക്കുന്നു. സംസ്ഥാന പോലീസിലെ 60,129 ഉദ്യോഗസ്ഥരും എക്സൈസ് വകുപ്പിലെ 5,427 പേരും മോട്ടോർ വാഹന വകുപ്പിലെ 2,618 പേരും അടങ്ങുന്ന 68,174 അംഗ സംവിധാനത്തിന്റെ കണ്ണുവെട്ടിച്ചാണ് നാളിതുവരെയില്ലാത്ത ലഹരിക്കടത്തും വിൽപ്പനയും കേരളത്തിൽ നടക്കുന്നത് എന്നതാണ് ആശങ്കാജനകം.

ഇതരസംസ്ഥാനക്കാരായ തൊഴിലാളികളുടെ അതിപ്രസരം മാത്രമല്ല, തൊഴിലില്ലായ്മ മൂലം പ്രതീക്ഷയറ്റ യുവജനതയ്ക്കുണ്ടായ അപ്രഭംശവും സംസ്ഥാനത്തെ മയക്കുമരുന്ന് വ്യാപനത്തിന്റെ കാരണങ്ങളാണ്. എങ്ങനെ എളുപ്പവഴിയിൽ പണമുണ്ടാക്കാം എന്നു ചിന്തി ക്കുന്ന യുവജനങ്ങൾ മയക്കുമരുന്നു വ്യാപാരത്തിൽ കണ്ണികളാകാൻ സാധ്യതയേറുന്നു. ഇതിലെല്ലാം ഉപരിയാണ് പോലീസിന്റെയും എക്സൈസിന്റെയും ജാഗ്രതക്കുറവ്, പോലീസുകാർ തന്നെ മയക്കുമരുന്നു കച്ചവടത്തിന് ഒത്താശ ചെയ്യുന്ന സംഭവങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന പോലീസ് സേനയുടെ കാര്യക്ഷമത സംബന്ധിച്ച് ഭരണപക്ഷത്തുനിന്നുതന്നെ വിമർശനങ്ങൾ ഉയരുന്നുണ്ട്. ക്രമസമാധാന പാലനവും നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതുമടക്കം മുഖ്യലക്ഷ്യങ്ങളിൽനിന്നു പോലീസ് വ്യതിചലിക്കുമ്പോഴാണ് സമൂഹത്തിൽ കുറ്റകൃത്യങ്ങൾ കൂടുന്നതും മയക്കുമരുന്ന് വ്യാപിക്കുന്നതും. ഇത്തരത്തിൽ സംസ്ഥാന പോലീസ് സേനയ്ക്ക് വീഴ്ചകൾ ഉണ്ടാകുന്നുണ്ടോ എന്നു പരിശോധിക്കപ്പെടണം.

എന്തുതന്നെയായാലും ലഹരിവ്യാപനം തടയാൻ ഇപ്പോൾ സംസ്ഥാന സർക്കാർ മുന്നോട്ടു വച്ചിരിക്കുന്ന കർമപരിപാടികളിൽ കേരളം ഒറ്റക്കെട്ടായി അണിനിരക്കണം നഗര-ഗ്രാമ ഭേദമന്യേ ധനികരും ദരിദ്രരുമായ അനേകർ ഈ മരണസംസ്കാരത്തിന് അടിപ്പെട്ടുകഴിഞ്ഞു. നിരവധി കുടുംബങ്ങൾ തീരാദുഃഖത്തിലാണ്. അതിനാൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങളും ബോധവത്കരണവും കുടുംബങ്ങളിൽനിന്നുതന്നെ തുടങ്ങണം. സ്കൂളുകൾ അടക്കമുള്ള കലാലയങ്ങൾ പ്രത്യേക ജാഗ്രത പുലർത്തണം. പോലീസ്-എക്സൈസ് സേനയ്ക്കൊപ്പം ജനപ്രതിനിധികളും പൊതുപ്രവർത്തകരും മത-സന്നദ്ധ പ്രവർത്തകരുമെല്ലാം കൈകോർത്താലേ ഈ വിപത്തിൽ നിന്നു രക്ഷപ്പെടാനാകൂ. ഭരണ-പ്രതിപക്ഷങ്ങൾ ഇക്കാര്യത്തിൽ കാട്ടിയ മാതൃക ഒരു തുടക്കമാകട്ടെ

**•എഡിറ്റർ, ഇടയൻ**




## വിഴിഞ്ഞം ഉയർത്തുന്ന ചോദ്യങ്ങൾ

വികസനപദ്ധതികൾ ആസൂത്രണം ചെയ്യുന്നവർ പദ്ധതി പ്രദേശത്തെ ജനങ്ങളെ അവഗണിക്കുന്നത് എന്തുകൊണ്ടാണ്? പദ്ധതി മൂലം വരാൻപോകുന്ന കോടാനുകോടികളുടെ വികസന സാധ്യതയെപ്പറ്റി വാചാലരാകുന്ന ഭരണാധികാരികളും രാഷ്ട്രീയക്കാരും, അതിന്റെ ഫലമായി കിടപ്പാടവും, സ്ഥലവും, ജീവനോപാധികളും നഷ്ടമാകുന്ന ജനങ്ങളെ എങ്ങിനെ ഫലപ്രദമായി പുനരധിവസിപ്പിക്കും എന്നതു പദ്ധതിരേഖയുടെ ഭാഗമാക്കാത്തതും സാമ്പത്തിക പഠനത്തിന്റേയും ആസൂത്രണത്തിന്റേയും പദ്ധതി നടത്തിപ്പിന്റേയും അവശ്യഭാഗം എന്ന നിലയിൽ പരിഗണിക്കാത്തതും എന്തുകൊണ്ടാണ്? വികസന പദ്ധതികളുടെ ഭാഗമായി കുറെയധികം ജനങ്ങൾ ബലിയാടുകളായി തെരുവിലേയ്ക്കു തള്ളിവിടപ്പെടുന്നത്, എന്തുതരം നീതിയാണ്? മൂലമ്പിള്ളി മുതൽ വിഴിഞ്ഞംവരെ വികസനത്തിന്റെ ബലിയാടുകളായി കുറപ്പേരെ കുടിയിറക്കിവിടാൻ ആരാണ് ഭരണാധികാരികൾക്ക് അധികാരം നൽകിയത് ?

ഇവിടെ ആരെങ്കിലും അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിട്ടുണ്ടോ? അതോ വീണ്ടും നമ്മൾ രാജഭരണത്തിലാണോ? ആരുടെയെങ്കിലും സർവാധിപത്യ ഭരണം ഇന്ത്യൻ ഭരണഘടനയെയും നിയമ വ്യവസ്ഥയേയും ജനാധിപത്യത്തെയും റദ്ദ് ചെയ്തിട്ടുണ്ടോ? സമൂഹത്തിൽ കുറേപ്പേരെ വിലയില്ലാത്തവരും ശല്യക്കാരുമായി നിഷ്കാസനം ചെയ്യാൻ ആർക്കെങ്കിലും അധികാരമുണ്ടോ?

ഇങ്ങനെയൊന്നുമല്ലെങ്കിൽ, കുറെയധികം പേർ, ഓരോ വികസന പദ്ധതിയുടെയും പേരിൽ അവകാശങ്ങളില്ലാത്തവരായി മാറുന്നതെന്തുകൊണ്ടാണ്? നിയമ സംവിധാനങ്ങൾ ഇത്തരം വിഷയങ്ങളിൽ ഫലപ്രദമായി ഇടപെടാതിരിക്കുന്നത് എന്തുകൊണ്ടാണ്? മൂലമ്പിള്ളിക്കാരായ കുടിയിറക്കപ്പെട്ടവരിൽ ഇനിയും നീതികിട്ടാത്തവർ, ഈ രാജ്യത്തെ പൗരന്മാരും ഭരണഘടനയുടെയും നിയമത്തിന്റെയും സംരക്ഷണം ഉള്ളവരുമല്ലേ? എന്തുകൊണ്ടാണ് അവർക്കു നീതി കിട്ടാത്തത്?

ഇതേ അനാഥാവസ്ഥയിലേക്ക് വിഴിഞ്ഞം പ്രദേശത്തെ തീരജനതയെയും എത്തിക്കുന്നതിൽ ആരും ഒരു നീതിക്കേടും കാണുന്നില്ലേ? അവർക്കുവേണ്ടി ആരെങ്കിലും ശബ്ദിച്ചാൽ അതു കുറ്റകരമായി പരിഗണിക്കപ്പെടുന്നത് എന്തുകൊണ്ടാണ്? അവർക്കില്ലാത്ത അവകാശങ്ങൾ തങ്ങൾക്കുണ്ട് എന്നു ചിന്തിക്കുന്ന ആരെങ്കിലും ഉണ്ടെങ്കിൽ, അതു തെറ്റായ ധാരണയാണ് എന്നറിയണം. അല്ലെങ്കിൽ, നാളെ നിങ്ങളും ഞാനും അവരുടെ അവസ്ഥയിൽ എത്തില്ല എന്നു ചിന്തിക്കാൻ ഒരു കാരണവുമില്ല.

ഫാ. വർഗീസ് വള്ളിക്കാട്ട്

## സീറോ മലബാർ സഭയ്ക്ക് 3 പുതിയ മെത്രാന്മാർ



മോൺ.ജോസഫ് കൊല്ലംപറമ്പിൽ
ഷംഷാബാദ് രൂപത സഹായ മെത്രാൻ



മോൺ. അലക്സ് താരാമംഗലം
മാനന്തവാടി രൂപത സഹായ മെത്രാൻ



മോൺ.തോമസ് പാടിയത്ത്
ഷംഷാബാദ് രൂപത സഹായ മെത്രാൻ

# ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റിയുടെ കർഷകർക്കൊരു കൈത്താങ്ങ് പരിപാടിയുടെ ഉദ്ഘാടനം നടത്തപ്പെട്ടു.

ഇടുക്കി രൂപതയുടെ സാമൂഹ്യക്ഷേമ വിഭാഗമായ ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി കർഷകർക്കൊരു കൈത്താങ്ങ് എന്ന കാർഷിക വായ്പ പദ്ധതിക്ക് തുടക്കം കുറിച്ചു. ഫെഡറൽ ബാങ്കുമായി സഹകരിച്ച് ആദ്യഘട്ടം 200 ലക്ഷം രൂപയാണ് കർഷകർക്കായി വിതരണം ചെയ്തത്. കാർഷിക രംഗം ഓരോ ദിവസവും പിന്നോട്ടു പോകുന്ന പശ്ചാത്തലത്തിൽ കാർഷിക രംഗത്തിന്റേയും കർഷകരുടെയും ബുദ്ധിമുട്ടുകളും പരിമിതികളും മനസ്സിലാക്കി അവർക്കൊരു കൈത്താങ്ങാകുവാനാണ് സൊസൈറ്റി ഈ പരിപാടി നടപ്പിലാക്കിയത്. സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന 70 സ്വാശ്രയ സംഘങ്ങൾക്കാണ് ആദ്യ ഘട്ടത്തിൽ തുക വിതരണം ചെയ്തത്.ക്രെഡിറ്റ് യൂണിയൻ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ് അധ്യക്ഷത വഹിച്ച പരിപാടി ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി പ്രസിഡന്റും ഇടുക്കി രൂപത വികാരി ജനറാളുമായ മോൺ. ജോസ് പ്ലാച്ചിക്കൽ ഉദ്ഘാടനം ചെയ്തു. സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. മാത്യൂ തടത്തിൽ എല്ലാവർക്കും സ്വാഗതം പറഞ്ഞു, ഫെഡറൽ ബാങ്ക് ചീഫ് മനേജർ ശ്രീ. ജെസ്റ്റിൻ കെ സെബാസ്റ്റ്യൻ മുഖ്യ പ്രഭാക്ഷണം നടത്തുകയും ഫെഡറൽ ബാങ്ക് കരിമ്പൻ ബ്രാഞ്ച് മനേജർ ശ്രീമതി. റ്റീന ആൽബർട്ട് ആശംസകൾ അറിയിക്കുകയും ചെയ്തു. പരിപാടിയിൽ ഫെഡറൽ ബാങ്ക് പ്രതിനിധികളായ ശ്രീ. പ്രവീൺ സി.റ്റി. (Agriculture Field Officer), ശ്രീ. ജേക്കബ് ജോർജ്ജ്, (Regional Collection Manaer, Kottayaym) ഹൈറേഞ്ച് ഡവലപ്മെന്റ് സൊസൈറ്റി സ്റ്റാഫ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.




## ചെറുപുഷ്പ മിഷൻലീഗ് ഇടുക്കി രൂപതാതല കലോത്സവം ഒക്ടോബർ 8 ന്

ചെറുപുഷ്പ മിഷൻ ലീഗ് ഇടുക്കി രൂപതാതല കലോത്സവത്തിന് മുരിക്കാശ്ശേരി സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂൾ വേദിയാവുന്നു. സെപ്റ്റംബർ 10ന് വിവിധ മേഖലകളിലായി നടന്ന മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയവരാണ് ഒക്ടോബർ 8 ന് നടക്കുന്ന രൂപതാതല കലാമത്സരത്തിൽ മാറ്റുരയ്ക്കുന്നത്.

**മേഖലാ മത്സരത്തിൽ ഓവറോൾ**
**കരസ്ഥമാക്കിയ ശാഖകൾ**

1. വാഴത്തോപ്പ് മേഖല: വാഴത്തോപ്പ്
2. തങ്കമണി മേഖല: ഉദയഗിരി
3. വെള്ളയാംകുടി മേഖല: വെള്ളയാംകുടി
4. ചുരുളി മേഖല: വെൺമണി
5. നെടുംങ്കണ്ടം മേഖല: നെടുംങ്കണ്ടം
6. ഇരട്ടയാർ മേഖല: ഇരട്ടയാർ
7. വെള്ളത്തൂവൽ മേഖല: പന്ന്യാർകുട്ടി
8. രാജാക്കാട് മേഖല: രാജകുമാരി
9. മുരിക്കാശ്ശേരി മേഖല: മുരിക്കാശ്ശേരി
10. കൂമ്പൻപാറ മേഖല: മച്ചിപ്ലാവ്
11. പാറത്തോട് മേഖല:പണിക്കൻകുടി
12. കുഞ്ചിത്തണ്ണി മേഖല: കുഞ്ചിത്തണ്ണി

## ഹൈറേഞ്ചിനു പ്രതീക്ഷയായി Project GEMS ഇടുക്കി രൂപതയിൽ ആരംഭിച്ചു




ഉയർന്ന ശമ്പളവും അധികാരവുമുള്ള IAS പോലുള്ള സർക്കാർ ജോലികൾ കരസ്ഥമാക്കാൻ കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ പത്തുവർഷം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടി Project GEMS എന്ന പേരിൽ നടപ്പാക്കുന്നു. ക്രിസ്തുജ്യോതി വിശ്വാസ പരിശീലന കേന്ദ്രവും കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസിയുടെ സംഘടനയായ ടീച്ചേഴ്സ് ഗിൽഡിന്റെയും സഹകരണത്തോടെ എറണാകുളം കേന്ദ്രമായി പ്രവർത്തിക്കുന്ന Race2 IAS എന്ന സ്ഥാപനമാണ് ഇതിന്റെ നടത്തിപ്പുകാർ. Entrance exam എഴുതി പാസായ ഇരുന്നൂറോളം കുട്ടികളുടെ പരിശീലന പരിപാടിക്ക് ബഹുമാനപ്പെട്ട എം.പി ജോസഫ് ഐ.എഎസ് വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ പാരിഷ് ഹാളിൽ വച്ച് സെപ്റ്റംബർ 9 വെള്ളിയാഴ്ച ഉദ്ഘാടനം ചെയ്തു.

Race 2 IAS മാനേജിങ് ഡയറക്ടർ ശ്രീമതി നീതു റോസ് ജോസ്, ഇടുക്കി രൂപത വികാരി ജനറൽ മോൺ. ജോസ് പ്ലാച്ചിക്കൽ, രൂപത എഡ്യൂക്കേഷൻ ഏജൻസി സെക്രട്ടറി റവ.ഫാ. ജോർജ് തകടിയേൽ, പ്രോഗ്രാം നടത്തിപ്പുകാരായ നിധിൻ ജോസ്, അമൽ ജോസഫ് എന്നിവർ പങ്കെടുത്തു. പ്രസ്തുത പരിപാടിയിൽ കുട്ടികളും മാതാപിതാക്കളും അടക്കം 350 ഓളം പേർ പങ്കെടുത്തു.

## ചിപ്സ് ചലഞ്ച് – ഒരു കൈത്താങ്ങ്




കെ.സി.വൈ.എം ന്റെ നേതൃത്വത്തിൽ ചിപ്സ് ചലഞ്ച് നടത്തുകയും അതിന്റെ ലാഭ വിഹിതം നിർധനരായ വർക്ക് ഓണം ആഘോഷിക്കുവാൻ നൽകുകയും ചെയ്തു. യുവജനങ്ങൾ തന്നെയാണ് ചിപ്സ് ഉണ്ടാക്കുവാനും, വിറ്റഴിക്കുവാനും സമയം കണ്ടെത്തിയത്. കഴിഞ്ഞ വർഷമാണ് ഈ ആശയവുമായി അവർ മുന്നോട്ട് വന്നത്. വരും വർഷങ്ങളിലും ഇത് തുടരാൻ ആഗ്രഹിക്കുന്നു എന്നും കെ.സി.വൈ.എം രൂപത സമിതി അറിയിച്ചു

## ഉത്സവ് 2022 സംസ്ഥാന കലോത്സവം- ലോഗോ പ്രകാശനം നിർവഹിച്ചു.


കെ.സി.വൈ.എം സംസ്ഥാന കലോത്സവത്തിന് ഇടുക്കി രൂപത ആതിഥേയത്വം വഹിക്കും. ഉത്സവ് 2022 എന്ന പേരിൽ നടത്തപ്പെടുന്ന കലോത്സവത്തിന്റെ ലോഗോ പ്രകാശനം ഇടുക്കി രൂപത അധ്യക്ഷൻ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ നിർവഹിച്ചു. കെ സി വൈ എം സംസ്ഥാന പ്രസിഡന്റ് ശ്രീ ഷിജോ ഇടയാടിയിൽ,സംസ്ഥാന സമിതി അംഗങ്ങൾ, ഇടുക്കി രൂപത കെ സി വൈ എം പ്രസിഡന്റ് ശ്രീ അലക്സ് തോമസ്, ജനറൽ സെക്രട്ടറി ആൽബർട്ട് റെജി, ഡയറക്ടർ ഫാ. ജോസഫ് നടുപ്പടവിൽ എന്നിവർ സന്നിഹിതരായി. ഉത്സവ് 2022 ന് എല്ലാവിധ ആശംസകളും ഭാവുകങ്ങളും അറിയിക്കുന്നു എന്ന് അഭിവന്ദ്യ പിതാവ് രൂപത കാര്യാലയത്തിൽ കൂടിയ യോഗത്തിൽ കൂട്ടി ചേർത്തു.


## ഓൾ കേരള ചാവറ പ്രസംഗം മത്സരം

മൂവാറ്റുപുഴ സിഎംഐ കാർമ്മൽ പ്രോവിൻസും ഇടുക്കി രൂപത സിഎംസി കാർമൽ ഗിരി പ്രോവിൻസും ചേർന്ന് സംഘടിപ്പിച്ച ഓൾ കേരള ഓൺലൈൻ പ്രസംഗം മത്സരത്തിൽ ഉജ്ജ്വലമായ പ്രകടനങ്ങൾ കാഴ്ചവച്ച് ഉന്നത വിജയം കരസ്ഥമാക്കിയ ഇടുക്കി രൂപതയിലെ തിരുബാല സഖ്യത്തിലെ പ്രിയപ്പെട്ട കൂട്ടുകാർക്ക് തിരുബാലസഖ്യ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ...ആശംസകൾ


ആർവിൻ
കൂമ്പൻപാറ


അലീവിയ
കാൽവരിമൗണ്ട്


എയ്ഞ്ചൽ,
കിളിയാർകണ്ടം


ദിയ മരിയ
മുക്കുടം


അൽഫിയ
കാൽവരിമൗണ്ട്

# പൊന്നാമല ഇടവകയിൽ വിവിധ നിർമ്മിതികൾ ഉദ്ഘാടനം ചെയ്യപ്പെട്ടു.


*പൊന്നാമലയിലെ നവീകരിച്ച ഗ്രോട്ടോ അഭി. പിതാവ് വെഞ്ചരിക്കുന്നു.*

പൊന്നമല സെന്റ്. മേരിസ് ഇടവകയിൽ ഇടവകാംഗങ്ങളുടെ സഹകരണത്തോടെ പൂർത്തീകരിച്ച വിവിധ നിർമ്മിതികളുടെ ഉദ്ഘാടനം അഭി. മാർ ജോൺ നെല്ലിക്കുന്നിൽ പിതാവ് നിർവഹിച്ചു. പരിശുദ്ധ കന്യകാ മറിയത്തിന്റെ പിറവിത്തിരുനാളിനോട് അനുബന്ധിച്ച് ഇടവകാംഗങ്ങളുടെ കൂട്ടായ്മയുടെയും കഠിനാധ്വാനത്തിന്റെയും ഫലമായി പണികൾ പൂർത്തിയാക്കിയ വിവിധ നിർമ്മിതികളാണ് അഭി.പിതാവ് ആശീർവദിച്ചത്. പൊന്നാമലയിലെ നവീകരിച്ച കുരിശടിയുടേയും പുതുതായി നിർമ്മിച്ച കടമുറികളുടെയും വെഞ്ചരിപ്പും നടത്തി. അഭി.പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ അർപ്പിക്കപ്പെട്ട വിശുദ്ധ കുർബാനയ്ക്കു ശേഷം സെമിത്തേരി ചാപ്പലിന്റെ വെഞ്ചരിപ്പും കുടിവെള്ള പദ്ധതിയുടെ ഉദ്ഘാടനവും നിർവഹിക്കപ്പെട്ടു. പരി. അമ്മയുടെ മാദ്ധ്യസ്ഥ്യവും ഇടവകാംഗങ്ങളുടെ കഠിനാദ്ധ്വാനവും സഹകരണവുമാണ് ചുരുങ്ങിയ കാലം കൊണ്ട് ഈ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞതെന്ന് ഇടവക വികാരി ഫാ.ജോസഫ് കൊച്ചോഴത്തിൽ പറഞ്ഞു

# “REVIVE’22” യൂത്ത് കോൺഫറൻസ് സമാപിച്ചു




ജീസസ് യൂത്ത് ഇടുക്കി സോൺ ഇടുക്കി രൂപതയോട് ചേർന്നു നടത്തിയ "REVIVE'22" യൂത്ത് കോൺഫറൻസ് സെപ്റ്റംബർ മാസം 03 മുതൽ 07 വരെ അടിമാലി വിശ്വദീപ്തി സി.എം.ഐ പബ്ലിക് സ്കൂളിൽ വച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് ഉദ്ഘാടനം നിർവഹിച്ച കോൺഫറൻസിൽ 330 പേരും നൂറോളം വോളന്റീയേഴ്സും പങ്കെടുത്തു. ബഹുമാനപ്പെട്ട വൈദികരുടെയും, സിസ്റ്റേഴ്സിന്റെയും സാന്നിധ്യം കോൺഫറൻസിനെ കൂടുതൽ ദൈവാനുഗ്രഹപ്രദമാക്കി.കോവിഡാനന്തര പ്രതിസന്ധികളെ വിശ്വാസത്തിലും, വിശുദ്ധ കുർബാനയുടെ ശക്തിയിലും ഉറച്ചുനിന്നുകൊണ്ട് നേരിടാനുതകും വിധത്തിലുള്ള ദിവ്യകാരുണ്യ ആരാധനയും, ക്ലാസുകളും, ആക്റ്റീവിറ്റികളും, ഓഡിയോ വിഷ്വൽ പ്രോഗ്രാമുകളും കോൺഫറൻസിനെ കൂടുതൽ മികവുറ്റതാക്കി .കോൺഫറൻസിനുവേണ്ടി പ്രാർത്ഥിക്കുകയും, സഹായിക്കുകയും ചെയ്ത എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു.





സെപ്റ്റംബർ പതിനൊന്നാം തിയതി അഭി. മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് വെഞ്ചരിപ്പ് കർമ്മം നിർവഹിച്ച ആനച്ചാലിൽ പുതുതായി നിർമ്മിച്ച ആരാധനാമഠം

## ബെത്‌ലഹേം കാരിത്താസ് :

# ഇടുക്കി രൂപതയുടെ ജീവകാരുണ്യ മുഖം

ഇടുക്കി രൂപതയുടെ ജീവകാരുണ്യ മുഖമാണ് ബത്‌ലഹേം കാരിത്താസ് .ഇടുക്കി ഗവൺമെന്റ് മെഡിക്കൽ കോളജിലെയും ഇടുക്കി ആയുർവേദ ആശുപത്രിയിലെയും നിർധനരായ രോഗികൾക്ക് സൗജന്യമായി അത്താഴം നൽകുന്ന സംവിധാനമാണിത്. ഒരു ദിവസം പോലും മുടങ്ങാതെ ഏതാണ്ട് 350 ഓളം ആളുകൾക്ക് സൗജന്യമായി അത്താഴം നൽകിവരുന്നു. അതുപോലെതന്നെ രോഗികൾക്ക് ആവശ്യമായ ആത്മീയ ശുശ്രൂഷകളായ രോഗിലേപനവും കുമ്പസാരവും വിശുദ്ധ കുർബാനയും നൽകിവരുന്നു. സാധാരണക്കാരായ ആളുകൾ നൽകുന്ന സംഭാവനകൾ വഴിയും ദേവാലയങ്ങളിൽ നിന്നും കിട്ടുന്ന സംഭാവന കൊണ്ടുമാണ് ഈ ജീവകാരുണ്യ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നത്. ഇടുക്കി ജില്ലയിലെ ലക്ഷക്കണക്കിന് ആളുകൾക്ക് ഇതുമൂലം സൗജന്യമായി ഭക്ഷണം നൽകാൻ സാധിച്ചിട്ടുണ്ട് ഇപ്പോൾ ദിവസവും 350 ഓളം ആളുകൾക്ക് ഭക്ഷണം നൽകുന്നുണ്ട് . ഒരു മാസം ഒന്നേകാൽ ലക്ഷം രൂപയാണ് ചെലവ് വരുന്നത്. ഇതിനുള്ള തുക സന്മനസ്സുള്ള ആളുകൾ നൽകുന്ന സംഭാവനകളാണ് .ഒപ്പം വിവാഹ വാർഷികം മരണവാർഷികം ജന്മദിനങ്ങൾ തുടങ്ങിയ വിശേഷ അവസരങ്ങളിലും ആളുകൾ സംഭാവനയായി നൽകുന്നുണ്ട്. ഇവ സമാഹരിച്ചാണ് ഇത്രയും ഭീമമായ തുക കണ്ടെത്തി ഈ ജീവകാരുണ്യ പ്രവർത്തനം മുന്നോട്ട് പോകുന്നു. 9 വർഷങ്ങൾക്ക് മുൻപ് അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ അനുഗ്രഹിശ്ശിസ്സുകളോടെ ബഹുമാനപ്പെട്ട ജോസഫ് കൊല്ലക്കൊമ്പിൽ അച്ചൻ ആണ് ഇത് ആരംഭിച്ചത് . ഇന്ന് അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് രക്ഷാധികാരിയായും ഫാ. ജോസഫ് പൗവ്വത്ത് ഡയറക്ടറായും പ്രവർത്തിക്കുന്നു. ഇടുക്കി സെന്റ് ജോർജ് ഇടവകയുടെ നേതൃത്വത്തിലാണ് ഭക്ഷണം പാകം ചെയ്യാനായുള്ള വിറക് സമാഹരിക്കന്നത്. ഇടുക്കി ഇടവകാംഗമായ ശ്രീ ജോർജ് വെള്ളാഞ്ഞിലിയും കുടുംബാംഗങ്ങളുമാണ് തുച്ഛമായ പ്രതിഫലം സ്വീകരിച്ച് എല്ലാ ദിവസവും ഭക്ഷണം പാകം ചെയ്യുന്നത്. ഇടുക്കി ഇടവകയിലെ യുവജനങ്ങളോടൊപ്പം ഇടുക്കിയുടെ സമീപ പ്രദേശങ്ങളിലുള്ള വിവിധ കോൺവെന്റുകളിലെ ബഹു. സിസ്റ്റേഴ്സും ഭക്ഷണം വിതരണം ചെയ്യാൻ സഹായിക്കുന്നു. ഈശോയുടെ നാമത്തിൽ ഈ ജീവകാരുണ്യ ശുശ്രൂഷയിയിൽ നിങ്ങൾക്കും പങ്കുകാരാവാൻ അവസരമുണ്ട്. താല്പര്യമുള്ളവർ ഈ ഫോൺ നമ്പരിൽ ബന്ധപ്പെടുക. 9446334011





സെപ്റ്റംബർ 14 ബുധനാഴ്ച അഭി. പിതാവ് വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ച എഴുകുംവയലിലെ പുതിയ വൈദിക മന്ദിരം


സെപ്റ്റംബർ ഒന്നാം തിയതി അഭി. മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് വെഞ്ചരിപ്പ് കർമ്മം നിർവഹിച്ച കഞ്ഞിക്കുഴി ഇടവകയിൽ പുതുതായി നിർമ്മിച്ച പാരിഷ് ഹാൾ




# മികച്ച കരിയറിന് 'ഗേറ്റ്': അപേക്ഷ 30 മുതൽ; അറിയാം പ്രധാനകാര്യങ്ങൾ

കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടെ പഠിക്കാവുന്ന എൻജിനീയറിങ്, ടെക്നോളജി, ആർക്കിടെക്ചർ, വിഷയങ്ങളിലെ മാസ്റ്റേഴ്സ് / ഡോക്ടറൽ പ്രോഗ്രാമുകളിലെയും ആർട്സ്, സയൻസ് ഡോക്ടറൽ പ്രോഗ്രാമുകളിലെയും പ്രവേശനത്തിന് അർഹത നിർണയിക്കുന്ന ദേശീയപരീക്ഷയാണ് 'ഗേറ്റ്' (GATE: Graduate Aptitude Test in Engineering). പ്രമുഖ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്കും 'ഗേറ്റ്' സ്കോർ പരിഗണിക്കും. കേന്ദ്ര സർക്കാരിലെ ഗ്രൂപ്പ് എ തസ്തികകളിൽ നേരിട്ടുള്ള നിയമനത്തിനും ഗേറ്റ് സ്കോർ ഉപയോഗിക്കുന്നു.

അടുത്ത പരീക്ഷ 2023 ഫെബ്രുവരി 4,5,11,12 തീയതികളിലാണ്. കംപ്യൂട്ടർ അധിഷ്ഠിതമായി രാവിലെയും ഉച്ച തിരിഞ്ഞുമായി രണ്ടു സെഷനുകൾ. പക്ഷേ ഒരു പേപ്പറിന് ഒരു തവണ മാത്രമേ എഴുതാവൂ. കാൻപുർ ഐഐടിയാണു പരീക്ഷ നടത്തുന്നത്; https://gate.iitk.ac.in. മറ്റ് 6 ഐഐടികളുടെയും ബെംഗളൂരു ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിന്റെയും സഹകരണമുണ്ട്.

'ഗേറ്റ്' വെബ്സൈറ്റ് വഴി ഓഗസ്റ്റ് 30 മുതൽ സെപ്റ്റംബർ 30 വരെ ഓൺലൈനായി അപേക്ഷിക്കാം. ലേറ്റ് ഫീ സഹിതം ഒക്ടോബർ 7 വരെയും അപേക്ഷ സ്വീകരിക്കും. അപേക്ഷാഫീ ഓൺലൈനായി അടയ്ക്കാം. ഒരു പേപ്പറിന് 1700 രൂപ. പെൺകുട്ടികൾക്കും പട്ടിക, ഭിന്നശേഷി വിഭാഗക്കാർക്കും 850 രൂപ. ലേറ്റ്ഫീ സഹിതം ഒക്ടോബർ ഒന്നു വരെ യഥാക്രമം 2200 / 1350 രൂപ. ബാങ്ക് ചാർജ് പുറമേ. വിദേശത്ത് എഴുതാൻ നിരക്കു വേറെ. രണ്ടു പേപ്പറെഴുതാൻ ഇരട്ടി ഫീസ് നൽകണം. പക്ഷേ അപേക്ഷ ഒന്നു മതി. പരീക്ഷാഫലം മാർച്ച് 16ന്.

'ഗേറ്റ്' പ്രവേശനപരീക്ഷയല്ല. യോഗ്യത നിർണയിക്കുന്നതേയുള്ളൂ. പ്രവേശനത്തിനും ജോലിക്കും താൽപര്യമുള്ള സ്ഥാപനങ്ങളിൽ യഥാസമയം അപേക്ഷിക്കണം. സിലബസും അപേക്ഷാരീതിയുമടക്കം പൂർണവിവരങ്ങൾ സൈറ്റിലുണ്ട്. സംശയപരിഹാരത്തിന് Chairperson, GATE, Indian Institute of Technology Kanpur - 208016, ഫോൺ: 0512-2597412, gate@iitk.ac.in. അപേക്ഷിക്കുന്ന സോണിലെ ചെയർപഴ്സനിൽനിന്നും ഇമെയിൽ വഴി വിവരങ്ങളറിയാം.

• ബിബിൻ മോൻ വർഗീസ്
62 82 77 65 83



## കേരളത്തിലെ പരീക്ഷാ കേന്ദ്രങ്ങൾ

ഐഐഎസ്സി ബെംഗളൂരു സോൺ (കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശൂർ), ഐഐടി മദ്രാസ് സോൺ (ആലപ്പുഴ, ആലുവഎറണാകുളം, കൊല്ലം, കോട്ടയം, തിരുവനന്തപുരം). ഒരേ സോണിലെ 3 കേന്ദ്രങ്ങൾ തിരഞ്ഞെടുത്ത് അപേക്ഷയിൽ കാണിക്കാം. ഇന്ത്യയിലെ പ്രധാനനഗരങ്ങൾക്കു പുറമേ ദുബായ്, സിംഗപ്പൂർ, കാഠ്മണ്ഡു, ധാക്ക എന്നിവിടങ്ങളിലും കേന്ദ്രമുണ്ട്.

## പ്രധാന വിവരങ്ങൾ

- എൻജിനീയറിങ്, ടെക്നോളജി, ആർക്കിടെക്ചർ, സയൻസ്, കൊമേഴ്സ്, ആർട്സ് ഇവയൊന്നിലെ ബാച്‌ലർ പ്രോഗ്രാമിന്റെ 3-ാം വർഷമെങ്കിലും പഠിക്കുന്നവർക്കും, ബിരുദം പൂർത്തിയാക്കിയവർക്കും ഗേറ്റ്' എഴുതാം. ഡെന്റൽ സർജറി, വെറ്ററിനറി സയൻസ്, അഗ്രികൾച്ചർ, ഹോർട്ടികൾച്ചർ, ഫോറസ്ട്രി ബാച്‌ലർ ബിരുദധാരികൾക്കും അപേക്ഷിക്കാം.
- നിർദിഷ്ട ബാച്‌ലർ ബിരുദത്തിനു തുല്യമെന്നു കേന്ദ്രസർക്കാർ അംഗീകരിച്ച പ്രഫഷനൽ അംഗത്വമുള്ളവരെയും പരിഗണിക്കും. ഉയർന്ന യോഗ്യതകൾ നേടിയവർക്കും അപേക്ഷിക്കാം. എത്ര തവണ വേണമെങ്കിലും ഗേറ്റ് എഴുതാം.
- ആകെ 29 സബ്ജക്ട് പേപ്പറുകൾ.
- ഒബ്ജക്ടീവ് ചോദ്യങ്ങൾ മാത്രം (മൾട്ടിപ്പിൾ ചോയ്സ് / മൾട്ടിപ്പിൾ സിലക്ട് / ന്യൂമെറിക്കൽ ആൻസർ എന്നിങ്ങനെ 3 രീതികൾ). എല്ലാം 3 മണിക്കൂർ പേപ്പറുകൾ. അഭിരുചി പരിശോധിക്കുന്ന 10 ചോദ്യങ്ങളും ബന്ധപ്പെട്ട വിഷയത്തിലെ 55 ചോദ്യങ്ങളും ഓരോ പേപ്പറിലും ഉണ്ടായിരിക്കും. അഭിരുചി 15, എൻജി. മാത്സ് 13, ബന്ധപ്പെട്ട വിഷയം 72 എന്നിങ്ങനെ ആകെ 100 മാർക്ക്. 9 വിഷയങ്ങളിൽ മാത്സില്ല; അതിന്റെ മാർക്ക് കൂടി വിഷയത്തിനു നൽകും. മൾട്ടിപ്പിൾ ചോയ്സിൽ തെറ്റിനു മാർക്കു കുറയ്ക്കും. 2007 മുതൽ 2022 വരെ നടന്ന പരീക്ഷകളിലെ ചോദ്യക്കടലാസുകൾക്ക് സൈറ്റ് നോക്കാം.
- ഒരു പേപ്പറോ രണ്ടു പേപ്പറോ ഇഷ്ടപ്രകാരമെഴുതാം. രണ്ടെങ്കിൽ നിർദിഷ്ട കോംബിനേഷനുകളിൽനിന്നു തിരഞ്ഞെടുക്കണം. ബ്രോഷറിലെ പട്ടിക 4.3ൽ കോംബിനേഷനുകൾ വൈകാതെ പ്രസിദ്ധപ്പെടുത്തും.
- അപേക്ഷകർക്കു പ്രായപരിധിയില്ല.
- ഫലപ്രഖ്യാപനം മുതൽ 3 വർഷത്തേക്ക് ഗേറ്റ് സ്കോറിനു പ്രാബല്യമുണ്ട്.

## വിവാഹ ഒരുക്ക സെമിനാർ
### ആത്മജ്യോതി അടിമാലി

ഒക്ടോബർ 14 –16
നവംബർ 11–13

രജിസ്ട്രേഷൻ എല്ലാ മാസവും 1,2 തീയതികളിൽ

Contact 9447413328, 8078755919, 6235931254



പരിശീലനം പൂർത്തിയാക്കിയ വി. കുർബാനയുടെ അസാധാരണ ശുശ്രൂഷകർ അഭി. പിതാവിനോടൊപ്പം

## ഡിഫെൻസ് റിസർച്ച് & ഡെവലപ്മെന്റ് ഓർഗനൈസേഷനിൽ അവസരങ്ങൾ

സീനിയർ ടെക്നിക്കൽ അസിസ്റ്റന്റ് ബി തസ്തികയിലേക്ക് നിയമനങ്ങൾ ക്ഷണിക്കുന്നു

| Discipline | Vacancies | Eligibility |
|---|---|---|
| Mechanical Engineering | 294 | Diploma In Mechanical Engineering |
| Mathematics | 13 | B.Sc Mathematics |
| Physics | 32 | B.Sc Physcis |
| Library Science | 23 | B.Sc + Minimum 1 Year diploma In Library Science |
| Psychology | 11 | B.Sc Psychology |

Last Date : 23 September 2022

Visit : www.drdo.gov.in




ERNAKULAM & PALAKKAD
+91 81154 49944




Printed and published by Fr Jins Karakkattu, Owned by Media Commission Diocese of idukki, Bishop's house, Manippara P.O, Karimpan, Idukki-685602, Kerala, Printed at Viani Printings, Viani Road, Ernakulam North P.B.No.3062, Kochi-18 Kerala, India. Published from Christujyothi Pastoral Centre, Editor: Fr Jins Karakkattu